സി1/3109/റ്റിസി/2016

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 22-03-2016

## സർക്കുലർ നം.07/2016

വിഷയം: മോട്ടോർ വാഹന വകുപ്പ്-സർക്കാർ വാഹനങ്ങളുടെ ഫിറ്റ്നസ്സ് പരിശോധന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നടത്തുന്നതിനുള്ള അനുവാദം നൽകണമെന്ന അപേക്ഷ-സംബന്ധിച്ച്

സൂചന: 10-02-2016 തീയതിയിലെ കേരള ഗവണ്മെന്റ് ഡ്രൈവേഴ്സ് അസ്സോസ്സിയേഷന്റെ നിവേദനം

സൂചനപ്രകാരമുള്ള നിവേദനത്തിൽ കേരള ഗവണ്മെന്റ് ഡ്രൈവേഴ്സ് അസ്സോസ്സിയേഷൻ ചൂണ്ടി കാണിക്കുന്നത് നിലവിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സർവ്വീസ് നടത്തുന്ന സർക്കാർ വാഹനങ്ങൾ ഫിറ്റ്നസ്സ് കാലാവധി തീരുമ്പോൾ തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ഫിറ്റ്നസ്സ് ടെസ്റ്റിനായി കൊണ്ടു വരേണ്ടി വരുന്നത് കാരണം സർക്കാരിന് വൻ സാമ്പത്തിക നഷ്ടമുണ്ടാകുന്നുവെന്നാണ്. ഇത്തരത്തിൽ സർക്കാരിനുണ്ടാകുന്ന ധനനഷ്ടം കുറയ്ക്കുന്നതിനു വേണ്ടിയും, സർക്കാർ ഓഫീസുകളുടെ സൌകര്യാർത്ഥവും, ഫിറ്റ്നസ്സ്/ റീ രജിസ്ട്രേഷൻ കാലാവധി തീർന്ന സർക്കാർ വാഹനങ്ങൾ കാലാവധി പുതുക്കുന്നതിനായി തങ്ങളുടെ ഓഫീസിനു തൊട്ടടുത്തുള്ള റീജിയണൽ ട്രാൻസ്പോർട്ട് /സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ വാഹനം ഹാജരാക്കിയാൽ മതിയാകും എന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. വാഹനത്തിന് ഫിറ്റ്നസ്സ്/റീ രജിസ്ട്രേഷൻ പുതുക്കി നൽകിയ ശേഷം വാഹനം പരിശോധിച്ച രജിസ്റ്ററിംഗ് അതോറിറ്റി പ്രസ്തുത വിവരം ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. കാലാവധി പുതുക്കിയത് സംബന്ധിച്ച വിവരം ലഭിച്ച ഉടനെ തന്നെ ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റി തന്റെ ഓഫീസിലെ ഡാറ്റാ ബേസ്, അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
ശ്രീ.കെ.കൃഷ്ണകുമാർ, ജനറൽ സെക്രട്ടറി, കേരളാ ഗവണ്മെന്റ് ഡ്രൈവേഴ്സ് അസ്സോസ്സിയേഷൻ, പാലക്കാട്

പകർപ്പ്: നോഡൽ ഓഫീസർ, എസ് എസ് ജി. സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനായി

അംഗീകാരത്തോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ) (ഇൻ ചാർജ്ജ്)